Desabhimani

2 February 2016

# മലബാർ സിമന്റ്സ് സമരം: ദേശീയപാത ഉപരോധം 4ന്

പുതുശേരി > മലബാർ സിമന്റ്സിലെ കരാർ-കാഷ്വൽ തൊഴിലാളികൾ ഡിസംബർ 19 മുതൽ നടത്തിവരുന്ന അനിശ്ചിതകാല രാപ്പകൽ സമരം പുതിയ രൂപത്തിലേക്ക്. എം സി എൽ സമരസഹായ സമിതിയുടെ നേതൃത്വത്തിൽ നാലിന് രാവിലെ 10ന് വാളയാറിൽ ദേശീയപാത ഉപരോധിക്കും. സിപിഐ എം ജില്ലാ സെക്രട്ടറി സി കെ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും. മലബാർ സിമന്റ്സിൽ കാലങ്ങളായി ജോലിചെയ്യുന്ന കരാർ-കാഷ്വൽ തൊഴിലാളികളെ ഒഴിവാക്കി തൽസ്ഥാനത്ത് അഴിമതി നിയമനം നടത്താനാണ് നീക്കം. അഴിമതി നിയമനം ഉപേക്ഷിച്ച് നിലവിലുള്ളവരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടാണ് തൊഴിലാളികൾ സമരം ചെയ്യുന്നത്. ഈ ആവശ്യം ഉന്നയിച്ചാണ് ദേശീയപാത വ്യാഴാഴ്ച ഉപരോധിക്കുന്നത്.